**പ്രഫസർ അനിൽകുമാറിന്റെ പ്രഭാഷണം– വ്യാഴാഴ്ച തോറും**

**പ്രശാന്തി സന്ദേശം- ഉപാഖ്യാനം 184**

# പുനർജന്മവും ഒരു ജീവിതവും

# REINCARNATION, ONE LIFE




പ്രശാന്തി സന്ദേശം പോഡ്കാസ്റ്റ് ഉപാഖ്യാനം നം. 184-ലേക്ക് നിങ്ങളെ സ്വാഗതം ചെയ്യുന്നു. നമുക്ക് പുനരവതാര ജന്മസങ്കൽപത്തെ പ്പറ്റി, അഥവാ സാമാന്യഭാഷയിലെ പുനർജന്മത്തെ പ്പറ്റി സംസാരിക്കാം.

ഈ പുനർജന്മം അഥവാ പുനരവതാരം എല്ലാ മതങ്ങളാലും സ്വീകരിക്കപ്പെട്ടതല്ല. അവർക്ക് അവരുടേതായ വീക്ഷണങ്ങളുണ്ട്. അവർ ഇത് അംഗീകരിക്കില്ല. ഈ പുനരവതാരം അവർക്ക് തികച്ചും പുതിയൊരു കാര്യം പോലെയാണ് തോന്നി ക്കുക. ഉദാഹരണത്തിന്, ജീസസ്സിനെ എടുക്കുക. ജീസസ്സിന് പുനർജന്മത്തെക്കുറിച്ച് വളരെ വ്യക്തമായി അറിയാമായിരുന്നു. സുവിശേ ഷങ്ങളിൽ ഉടനീളം ഇതിന്റെ പരോക്ഷ സൂചനകൾ ചിതറിക്കിടപ്പുണ്ട്.



കഴിഞ്ഞ ദിവസം, ജീസ സ്സിനെ ആരോ ഉദ്ധരിക്കു കയായിരുന്നു,

“ഏബ്രഹാം ഉണ്ടാവുന്ന തിനു മുമ്പേ ഞാനുണ്ട്.”,

“ഏബ്രഹാം വരുന്നതിനു മുമ്പേ ഞാനുണ്ട്.” ജീസസ്സ് പറയുന്നു, “ഞാൻ തിരികെ വരും.” പുനർജന്മത്തെക്കുറിച്ച് ആയിരത്തൊന്ന് പരോക്ഷമായ പരാമർശങ്ങളുമുണ്ട്. അവിടുന്നിന് അത് വളരെ നന്നായി അറിയാമായിരുന്നു. എന്നാൽ അതെപ്പറ്റി അവി ടുന്ന് സംസാരിക്കാതിരുന്നതിന് അഥവാ അതെക്കുറിച്ച് പ്രവചിക്കാഞ്ഞതിന് മറ്റെ ന്തെങ്കിലും കാരണമുണ്ടാവും.

ജീസസ്സ് ഭാരതത്തിൽ വന്നിരുന്നു, പുനർജന്മസിദ്ധാന്തം കാരണം എന്തു സംഭവി ച്ചെന്ന് അവിടുന്ന് കണ്ടിരുന്നു. ഭാരതത്തിൽ, ജീസസ്സിന് ഏതാണ്ട് 5000 വർഷ ങ്ങൾക്കു മുമ്പ്, ഈ സിദ്ധാന്തം പഠിപ്പിക്കപ്പെട്ടിരുന്നു, അതൊരു സത്യമാണ്.

അതൊരു സിദ്ധാന്തം മാത്രമല്ല. ആ സിദ്ധാന്തം സത്യത്തിൽ അധിഷ്ഠിതമാണ്. മനുഷ്യന് ദശലക്ഷക്കണക്കിന് ജീവിതമുണ്ട്. ഇത് മഹാവീരനാൽ, ബുദ്ധനാൽ, കൃഷ്ണനാൽ, രാമനാൽ പഠിപ്പിക്കപ്പെട്ടതാണ്.




എല്ലാ ഭാരതീയ മതങ്ങളും ഇത് അംഗീകരിക്കുന്നുണ്ട്. ഈ സിദ്ധാന്തമൊഴികെ മറ്റൊരു കാര്യത്തിലും അവർ യോജിക്കുന്നില്ല എന്നറിയുമ്പോൾ, നിങ്ങളതിശയിക്കും. ഹിന്ദുക്കൾ ഈശ്വരനിലും ആത്മാവിലും വിശ്വസിക്കുന്നു. ജൈനന്മാർ ഈശ്വരനിൽ വിശ്വസിക്കുന്നതേയില്ല, ആത്മാവിൽ മാത്രം വിശ്വസിക്കുന്നു. ബൗദ്ധർ ഈശ്വരനിലും ആത്മാവിലും വിശ്വസിക്കുന്നതേയില്ല. പക്ഷേ പുനർജന്മത്തെപ്പറ്റി മൂന്നു കൂട്ടരും യോജിക്കുന്നു.

ആത്മാവിൽ വിശ്വസിക്കാത്ത ബൗദ്ധർ പോലും യോജിക്കുന്നു. ഇത് വളരെ വിചിത്രമായ കാര്യമാണ്. അപ്പോൾ, ആരാണ് പുനർജനിക്കുന്നത്? അവർക്ക് ആത്മാവിന്റെ അസ്തിത്വം നിഷേധിക്കാനായി, പക്ഷേ പുനർജന്മമെന്ന പ്രതിഭാസത്തെ അവർക്കു പോലും നിഷേധിക്കാനായില്ല. ആത്മാവില്ല, പക്ഷേ പുനർജന്മമുണ്ട് എന്നാണവർ പറയുന്നത്. ആത്മാവില്ലാതെ പുനർജന്മം തെളിയിക്കുന്നത് അവർക്ക് വളരെ പ്രയാസകരമാണ്. അത് ഏതാണ്ട് അസാധ്യമെന്നുതന്നെ തോന്നുന്നു.

പക്ഷേ, അവരൊരു മാർഗം കണ്ടെത്തിയിട്ടുണ്ട്. അത് അതിസൂക്ഷ്മവും ധരിക്കാൻ ഏറെ പ്രയാസമുള്ളതുമാണ്, എന്നാലവർ സത്യത്തോട് കൂടുതലായി അഥവാ ഏറ്റവും അടുത്ത് നിൽക്കുന്നു. ഒരു ആത്മാവുണ്ടെന്നും, നിങ്ങൾ മരിക്കുമ്പോൾ ശരീരം ഭൂമിയിൽ ഉപേക്ഷിക്കപ്പെടുമെന്നും ആത്മാവ് മറ്റൊരു ശരീരത്തിൽ, മറ്റൊരു ഗർഭപാത്രത്തിൽ പ്രവേശിക്കുമെന്നും മനസ്സിലാക്കുന്നത് എളുപ്പമാണ്. ഇതൊരു ലളിതമായ, യുക്തിപരമായ, ഗണിതപരമായ കാര്യമാണ്.

എന്നിരുന്നാലും ബുദ്ധൻ പറയുന്നു, ആത്മാവില്ല, ഒരു തുടർച്ച മാത്രമാണുള്ളത്. നിങ്ങൾ വൈകുന്നേരത്ത് ഒരു മെഴുതിരി കൊളുത്തുമ്പോൾ, പിറ്റേന്നു കാലത്ത് നിങ്ങളത് ഊതിക്കെടുത്തുമ്പോൾ, നിങ്ങളോട് ഒരു ചോദ്യം ചോദിക്കപ്പെടാം. നിങ്ങൾ ഊതിയണയ്ക്കുന്നത്, സന്ധ്യയ്ക്ക് നിങ്ങൾ കൊളുത്തിയ അതേ പ്രകാശമാണോ? അല്ല, അതേ വെളിച്ചമല്ലത്, എന്നിരുന്നാലും അതിൽ ഒരു നൈരന്തര്യമുണ്ട്. രാത്രിയിൽ നിങ്ങൾ മെഴുതിരി കൊളുത്തുമ്പോളുണ്ടായിരുന്ന ആ ദീപം ഇപ്പോഴില്ല; പക്ഷേ ആ ദീപം തുടർച്ചയായി അപ്രത്യക്ഷമാവുകയാണ്. ഒന്നിനു പകരം മറ്റൊരു ദീപം വരുന്നു. പുന:സ്ഥാ



പനം അത്രമേൽ വേഗത്തിലാണ്, ഇടവേള നിങ്ങൾക്ക് കാണാനാവില്ല. പക്ഷേ സങ്കീർണമായ ശാസ്ത്രീയ ഉപകരണങ്ങളുടെ സഹായത്തോടെ ഈ ഇടവേള ദർശിക്കുന്നതിന് സാധ്യമാണ്-ഒരു ദീപം അണയുന്നു, ഉടനടി മറ്റൊന്ന് പകരം വരുന്നു. ഈ 'പോക്കിലും വരവിലും', ചെറിയ ഇടവേളകളുണ്ടായേ മതിയാവൂ, എന്നാൽ നിങ്ങളുടെ നഗ്നനേത്രങ്ങളാൽ നിങ്ങൾക്കവയെ കാണാനാവില്ല.

ബുദ്ധൻ പറയുന്നു, മെഴുതിരി നാളങ്ങൾ ഒന്നല്ലാത്തതുപോലെ-അത് സ്ഥിരമായി മാറിക്കൊണ്ടിരിക്കുകയാണ്, എന്നാൽ മറ്റൊരർത്ഥത്തിൽ അത് ഒന്നു



തന്നെയാണ്, എന്തുകൊണ്ടെന്നാൽ അത് ഒരേ നൈരന്തര്യ(continuum)മാകുന്നു. തികച്ചും ഇതുപോലെ, ആത്മാവ് എന്നൊരു അനശ്വരത ഒരു വസ്തുവായി നിങ്ങളിലില്ല, പക്ഷേ അതൊരു നാളം പോലെയാണ്. അത് തുടർച്ചയായി മാറിക്കൊണ്ടിരിക്കുകയാണ്. അതൊരു നദിയാകുന്നു.



പക്ഷേ എന്തുകൊണ്ടാവാം ഭാരതത്തിനു വെളിയിൽ പിറന്ന, മൂന്നു മതങ്ങളുടെയും പ്രഭവകേന്ദ്രങ്ങളായ ജീസസ്സ്, മോസസ്സ്, മുഹമ്മദ് ഇവർ പ്രത്യക്ഷമായി പുനർജന്മത്തെക്കുറിച്ച് പറയാതിരുന്നത്?

മോസസ്സിന് പുനർജന്മത്തെക്കുറിച്ച് അറിവുണ്ടായിരുന്നു, എന്തുകൊണ്ടെന്നാൽ ഈജിപ്തും ഇന്ത്യയും തമ്മിൽ സ്ഥിരമായ ബന്ധമുണ്ടായിരുന്നു. ഒരിക്കൽ ആഫ്രിക്കൻ ഭൂഖണ്ഡം ഏഷ്യയുടെ ഭാഗമായിരുന്നു, എന്നാൽ അത് സാവധാനം അകന്നുനീങ്ങിയതാണെന്നുപോലും സംശയമുണ്ട്. അപ്പോൾ, ഇന്ത്യയും ഈജിപ്തും ഒരുമിച്ചു കിടന്നതാണ്, അതിനാൽ തമ്മിൽ ഒത്തിരി സാമ്യങ്ങളുണ്ട്. തെക്കേ ഇന്ത്യ കറുത്തതായതിൽ അതിശയമൊന്നുമില്ല. അതിന്റെ ഞരമ്പുകളിൽ ഭാഗികമായി നീഗ്രോ രക്തമുണ്ട്. പൂർണമായല്ലെങ്കിലും, അത് നീഗ്രോയിഡ് ആണ്.

മോസസ്സിന് ഇന്ത്യയെക്കുറിച്ച് നല്ല അറിവുണ്ടായിരുന്നിരിക്കണം. കാശ്മീർ അവകാശപ്പെടുന്നത്, മോസസ്സും ജീസസ്സും അവിടെയാണ് സംസ്കരിക്കപ്പെട്ടത് എന്നാണെന്ന് അറിയുമ്പോൾ നിങ്ങൾ അതിശയിക്കും. അവരുടെ ശവകുടീരങ്ങൾ അവിടെയുണ്ട്-ഒരു ശവകുടീരം മോസസ്സിന്റേതും ഒരു ശവകുടീരം ജീസസ്സിന്റേതും. പുനർജന്മസിദ്ധാന്തത്തിലൂടെ ഇന്ത്യയ്ക്ക് സംഭവിച്ചതെന്തെന്ന് അവർ കണ്ടിരുന്നു.

പുനർജന്മസിദ്ധാന്തം കാരണം ഇന്ത്യ വളരെയധികം ഉദാസീനയായി. ഒരു ധൃതിയും ഇല്ലാതായി. ഇന്ത്യക്ക് കാലബോധം ഇല്ല. അതിപ്പോഴും ഇല്ല. ഓരോരുത്തരും റിസ്റ്റ് വാച്ച് ധരിക്കുന്നുണ്ടെന്നാലും, സമയബോധം ഇല്ല. ആരെങ്കിലും 'വൈകുന്നേരം 5.00 മണിക്ക് ഞാൻ നിങ്ങളെ കാണാൻ വരുന്നുണ്ട്' എന്ന് പറയുകയാണെന്നിരിക്കട്ടെ,



അതിന് ഏതർത്ഥവും ആവാം. അയാൾ 4.00 മണിക്കെത്താം, അയാൾ 6.00 മണിക്കെത്താം, അയാൾ വരാതെയുമിരിക്കാം! അയാളത് ഗൗരവമായി എടുക്കില്ല. അയാൾ വാക്ക് പാലിക്കില്ല എന്നല്ല. അല്ല. സമയബോധം എന്നൊന്ന് ഇല്ല.

സകല നിത്യതയും ലഭ്യമാണെന്നിരിക്കെ, നിങ്ങൾക്കെങ്ങനെ സമയബോധം ഉണ്ടാവാൻ പറ്റും? ഒത്തിരി, ഒത്തിരി ജന്മങ്ങൾ ഉണ്ടെന്നിരിക്കെ, എന്തിനിത്ര ധൃതി? ഒരുവന് പതുക്കെ പോയാൽ മതിയാവും. ഒരിക്കലല്ലെങ്കിൽ മറ്റൊരിക്കൽ ഒരുവൻ എത്തിച്ചേർന്നേ പറ്റൂ. അതുകൊണ്ട്, പുനർജന്മസിദ്ധാന്തം ഇന്ത്യയെ വളരെ ഉദാസീനയും മന്ദയുമാക്കി. അത് ഇന്ത്യയെ അങ്ങേയറ്റം സമയബോധമില്ലാത്തവളാക്കിത്തീർത്തു. അത്, മാറ്റിവയ്ക്കാനായി(to postpone) ആളുകളെ സഹായിച്ചു, നിങ്ങൾക്ക് നാളത്തേക്ക് മാറ്റിവയ്ക്കാനായാൽ, നിങ്ങളാരാണോ അങ്ങനെതന്നെ തുടരും. അപ്പോൾ, നാളെ ഒരിക്കലും വരില്ല. എപ്രകാരം മാറ്റിവയ്ക്കണം എന്ന് ഇന്ത്യയ്ക്കറിയാം, നാളത്തേക്കു മാത്രമല്ല, അടുത്ത ജന്മത്തേക്കു വരെ.

മോസസ്സും ജീസസ്സും ഇന്ത്യ സന്ദർശിച്ചിട്ടുണ്ട്. ഇരുവർക്കും പുനർജന്മത്തെപ്പറ്റി അവബോധമുണ്ട്. മുഹമ്മദ് ഒരിക്കൽപോലും ഇന്ത്യ സന്ദർശിച്ചിട്ടില്ല, പക്ഷേ പൂർണാവബോധമുണ്ടായിരുന്നു, എന്തുകൊണ്ടെന്നാൽ അദ്ദേഹം ഇന്ത്യയുമായി വളരെ അടുപ്പത്തിലായിരുന്നു, ഇന്ത്യയും അറേബ്യയും തമ്മിൽ സ്ഥിരമായ വിനിമയം നടന്നിരുന്നു. ഒരു ജീവിതമേ ഉള്ളൂ എന്നും ഇത് ആദ്യത്തേതും അവസാനത്തേതുമായ ചാൻസാണ് എന്നും ആളുകളോട് പറയുന്നതാവും കുറേക്കൂടി നല്ലതെന്ന് അവർ തീരുമാനിച്ചു. നിങ്ങൾ അത് നഷ്ടപ്പെടുത്തുകയാണെങ്കിൽ, നിങ്ങൾക്കത് എന്നേക്കുമായി നഷ്ടമാവും. ഉത്കടമായ അഭിലാഷം സൃഷ്ടിക്കാനുള്ള ഒരു ഉപായമായിരുന്നു അത്, ആളുകളെ നിഷ്പ്രയാസം പരിവർത്തനം ചെയ്യുമാറ് അവരിൽ തീവ്രത ഉണ്ടാക്കിയെടുക്കുന്നതിന്.

അപ്പോൾ ഒരു ചോദ്യം ഉദിക്കാം, മഹാവീരനും ബുദ്ധനും കൃഷ്ണനും ഈ അവബോധം ഇല്ലായിരുന്നെന്നോ? ഈ പുനർജന്മസിദ്ധാന്തം ഉദാസീനത സൃഷ്ടിക്കും എന്ന് അവർക്ക് അവബോധമില്ലായിരുന്നോ? അവർ തികച്ചും വ്യത്യസ്തമായ ഒരു സങ്കേതം പരീക്ഷിക്കുകയായിരുന്നു, ഓരോ സങ്കേതത്തിനും അതിന്റേതായ കാലമുണ്ട്. ഒരിക്കൽ അത് ഉപയോഗിക്കപ്പെട്ടാൽ, അത് എന്നേക്കുമായി ഉപയോഗിക്കാനാ

വില്ല. ആളുകൾക്ക് അത് അതിപരിചിതമാവും. ബുദ്ധനും മഹാവീരനും കൃഷ്ണനും പുനർജന്മസിദ്ധാന്തം പരീക്ഷിച്ചപ്പോൾ, അവരത് തികച്ചും വ്യത്യസ്തമായ ഒരു വീക്ഷണകോണിൽനിന്നാണ് പരീക്ഷിച്ചത്.
ഇന്ത്യ അക്കാലത്ത് ഒരു വലിയ ധനികരാഷ്ട്രമായിരുന്നു. അതെ, അതിനെ ലോകത്തിലെ സുവർണരാജ്യമെന്ന്, ഏറ്റവും സമ്പന്ന രാജ്യമെന്ന്, കരുതപ്പെട്ടിരുന്നു. ഒരു സമ്പന്നരാഷ്ട്രത്തിൽ ശരിക്കുള്ള പ്രശ്നം, ഏറ്റവും വലിയ പ്രശ്നം എന്നത് വിരസത(boredom)യാണ്. അതാണിപ്പോൾ പടിഞ്ഞാറ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ അമേരിക്ക ഇതേ അവസ്ഥയിലാണ്, വിരസത ഏറ്റവും വലിയ പ്രശ്നമായി മാറിക്കൊണ്ടിരിക്കുകയാണവിടെ. ആളുകൾ അങ്ങേയറ്റം ബോറടിച്ചിരിക്കുകയാണ്- 'മരിച്ചാൽ മതി'യെന്ന് ചിന്തിക്കുന്നത്ര വിരസതയാണവർക്ക്.

മഹാവീരനും ബുദ്ധനും കൃഷ്ണനും ഈ സാഹചര്യത്തെയാണ് ഉപയോഗപ്പെടുത്തിയത്. അവർ ആളുകളോട് പറഞ്ഞത്, ഇതൊന്നും ഒന്നുമല്ല എന്നാണ്. ഒരു ജന്മത്തെ വിരസതയെന്നത് ഒന്നുമില്ല. നിങ്ങൾ ഒത്തിരി ജന്മങ്ങൾ ജീവിച്ചു കഴിഞ്ഞു. ഓർക്കുക, ശ്രദ്ധിച്ചില്ലെങ്കിൽ നിങ്ങൾ ഒത്തിരി ജന്മങ്ങൾകൂടി വീണ്ടും ജീവിക്കാൻ പോവുകയാണ്. നിങ്ങൾ പല ജന്മങ്ങൾ ജീവിച്ചു, ഓർത്തോളുക, ഇത് ശ്രദ്ധിച്ചില്ലെങ്കിൽ നിങ്ങൾ ഒത്തിരി ജന്മങ്ങൾകൂടി ജീവിക്കാൻ പോവുകയാണ്, അതെ. നിങ്ങൾ വീണ്ടും വീണ്ടും വീണ്ടും ബോറടിക്കും. ഒരേ ജനനമരണചക്രം തിരിഞ്ഞുകൊണ്ടിരിക്കും.

അവർ വിരസതയെ കടും ചായങ്ങളിൽ വരഞ്ഞു, ഒരൊറ്റ ജന്മം കൊണ്ടുതന്നെ മടുത്ത ആളുകൾ ശരിക്കും വളരെ ആഴത്തിൽ, മതവുമായി ഇടപഴകി. ഒരുവന് ജനനമരണങ്ങളിൽനിന്ന് മോചിതനാവണം. ഒരുവന് ഈ ചക്രത്തിൽനിന്ന്, ജനനമരണങ്ങളുടെ ഈ ദൂഷിത വലയത്തിൽനിന്ന് പുറത്തു കടക്കണം. അത് അക്കാലത്ത് വളരെ പ്രസക്തമായിരുന്നു.
പിന്നീട് ഇന്ത്യ വളരെ ദരിദ്രയായി. ഒരിക്കൽ രാഷ്ട്രം ദരിദ്രമായപ്പോൾ, വിരസതയും അപ്രത്യക്ഷമായി. ഒരു ദരിദ്രന് ഒരിക്കലും വിരസതയില്ല. ഓർക്കുക, വിരസത ഉളവാകുന്നത് ഒരു സമ്പന്നനു മാത്രമാണ്. അതൊരു സമ്പന്നന്റെ സവിശേഷ ആനുകൂല്യമാണ്. പാവപ്പെട്ട ഒരു മനുഷ്യന് വിരസത തോന്നുക എന്നത് അസാധ്യം. അവന് സമയമില്ല. ദിവസം മുഴുവനും അവൻ അദ്ധ്വാനിക്കുകയാണ്. അവൻ വീട്ടിലെത്തുന്നത് ആകെ തളർന്നാണ്, ക്ഷീണം കാരണം അവൻ സുഖമായി ഉറങ്ങും. അവന് മറ്റൊരു നേരമ്പോക്കുമില്ല. ടെലിവിഷൻ, സിനിമകൾ, പാട്ട്, ആർട്ട് മ്യൂസിയങ്ങൾ-അവന് ഇക്കാര്യങ്ങളൊന്നുമില്ല. എന്തു ചെയ്യും? ഇവയൊന്നും അവന് പറ്റില്ല. അവന്റെ ഒരേയൊരു നേരമ്പോക്ക്, ശാരീരികമാണ്, ഭോഗപരമാണ്, പ്രകൃത്യാ

ലുള്ളത്. അതുകൊണ്ടാണ് ദരിദ്രരാഷ്ട്രങ്ങൾ സമ്പന്നരാഷ്ട്രങ്ങളെ അപേക്ഷിച്ച് കൂടുതൽ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നത്.

ഇന്ത്യ ദരിദ്രയായ ആ നിമിഷം, പുനർജന്മസിദ്ധാന്തം ഒരു പലായനമായി, വിരസതയ്ക്കു പകരം ഒരു പ്രത്യാശയായിത്തീർന്നു. അതൊരു ആശയായി മാറി, മാറ്റിവയ്ക്കാനുള്ള സാധ്യത(possibility to postpone)യായി.

“ഈ ജന്മത്തിൽ ഞാൻ ദരിദ്രനാണ്. അതിൽ ആധിപ്പെടേണ്ടതില്ല. ഇനി പല ജന്മങ്ങളുണ്ട്. അടുത്ത ജന്മത്തിൽ ഞാൻ കുറച്ചുകൂടി പ്രയത്നിക്കും, ഞാനൊരു ധനികനാവും.”

“ഈ ജന്മത്തിൽ എനിക്ക് കിട്ടിയത് കാണാൻ കൊള്ളാത്ത ഒരുവളെയാണ്. അതിൽ പരിഭ്രമിക്കാനൊന്നുമില്ല. ഇത് ഒരു ജന്മത്തിലെ പ്രശ്നം മാത്രമാണ്. അടുത്ത തവണ എനിക്ക് ഇതേ തെറ്റ് പറ്റില്ല.”

“ഈ ജന്മത്തിൽ ഞാൻ കഷ്ടപ്പെടുന്നത് എന്റെ മുജ്ജന്മകർമങ്ങളാലാണ്. ഈ ജന്മത്തിൽ ഞാൻ തെറ്റായ കാര്യങ്ങളൊന്നും ചെയ്യില്ല, വരുന്ന ജന്മം എനിക്ക് ആസ്വദിക്കാനാവും.”

ഇപ്രകാരം അതൊരു മാറ്റിവയ്ക്കലാ(postponement)യിത്തീർന്നു. ജീസസ്സ് അത് കണ്ടിരുന്നു. ആ സങ്കേതം ഇനിയും ഫലപ്രദമല്ലെന്ന്. അത് എപ്രകാരം പ്രവർത്തിക്കണമെന്ന് ഉദ്ദേശിക്കപ്പെട്ടോ, അപ്രകാരം മേലിൽ അത് പ്രവർത്തിക്കുന്നില്ല. സാഹചര്യം മാറിയിരുന്നു. ഇപ്പോൾ ജീസസ്സിന് മറ്റൊരു സങ്കേതം സൃഷ്ടിക്കേണ്ടിവന്നു-ഒരൊറ്റ ജീവിതം മാത്രമേയുള്ളൂ. അതുകൊണ്ട്, നിങ്ങൾ മതാത്മകനാവണമെങ്കിൽ, നിങ്ങൾക്ക് ധ്യാനിക്കണമെങ്കിൽ, നിങ്ങൾ ഒരു സന്യാസി അഥവാ ബ്രഹ്മചാരി ആവണമെങ്കിൽ, ഇപ്പോൾത്തന്നെ അതാവണം, എന്തുകൊണ്ടെന്നാൽ നാളെ അത്ര വിശ്വസനീയമല്ല. നാളെ എന്നൊന്ന് ഉണ്ടാവില്ല. അതുകൊണ്ട് പാശ്ചാ



ത്യർ വളരെ സമയബോധ(too conscious of time)മുള്ളവരായിത്തീർന്നു. ഓരോരുത്തരും തിരക്കുള്ളവരാണ്. ഈ തിരക്ക് ക്രൈസ്തവധർമം കാരണത്താലാണ്.

സങ്കേതം(the device) വന്നു, അത് വീണ്ടും പരാജയപ്പെടുകയുണ്ടായി. ഒരു സങ്കേതത്തിനും എന്നെന്നേക്കുമായി പ്രവർത്തിക്കാനാവില്ല. മാസ്റ്റർ ജീവിച്ചിരിക്കുമ്പോൾ, അവിടുന്ന് അതിന്റെ ആത്മാവായിരിക്കുന്ന കാരണത്താൽ, അത് ഫലപ്രദമാവത്തക്കവിധം അവിടുന്ന് കൈകാര്യം ചെയ്യും. മാസ്റ്റർ ഒരിക്കൽ പോയിക്കഴിഞ്ഞാൽ, ഉപാധി ഫലിക്കാതാവുന്നു, അഥവാ ആളുകളതിന് പുതിയ വ്യാഖ്യാനം കണ്ടെത്താൻ തുടങ്ങുന്നു. അതിനാൽ, മാസ്റ്റർമാർ നിർദ്ദേശിച്ചേക്കാം, പക്ഷേ ഒരിക്കൽ അവർ പോയിക്കഴിഞ്ഞാൽ, ഒരു വ്യത്യസ്തമായ വ്യാഖ്യാനം പടി കടന്നു വരുന്നു.

പടിഞ്ഞാറാകട്ടെ, ഈ സങ്കേതം ദയനീയമായി പരാജയപ്പെട്ടു. അതൊരു പ്രശ്നവുമായിത്തീർന്നു. ആളുകൾ സ്ഥിരമായി തിരക്കിലായി, നിറയെ പിരിമുറുക്കവും ആകാംക്ഷയുമായി, കാരണം ഒരൊറ്റ ജീവിതമേയുള്ളു. ജീസസ്സ് അവരിത് ഓർക്കണമെന്നാണ് ആഗ്രഹിച്ചത്, ഒരൊറ്റ ജീവിതമേയുള്ളു. ദൈവത്തെ സ്മരിക്കുക, പിതാവിനെ സ്മരിക്കുക, ഇനി അവരെന്താണ് ചെയ്യുന്നത്? ഒരു ജീവിതമേയുള്ളു എന്ന് കണ്ടിട്ട്, അവർ തിന്നാനും കുടിക്കാനും ഉല്ലസിച്ച് കൂത്താടാനും ആഗ്രഹിക്കുന്നു, എന്തുകൊണ്ടെന്നാൽ മറ്റൊരു ജീവിതമില്ലല്ലോ. അതുകൊണ്ട് നിങ്ങളെക്കൊണ്ടാവും വിധം അതിൽ മുഴുകുക. ജീവിതത്തിൽനിന്ന് മുഴുവൻ പഴച്ചാറും പിഴിഞ്ഞെടുക്കുക. വിധിന്യായദിന( Judgement Day)ത്തിൽ എന്തു സംഭവിക്കുമെന്ന് ആര് ശ്രദ്ധിക്കുന്നു? വിധിന്യായദിനം തന്നെ ഉണ്ടാവുമോ ഇല്ലയോ എന്ന് ആർക്കറിയാം?

അതിനാൽ ഓരോ കാര്യത്തിലും ഒരു വലിയ ധൃതി പാശ്ചാത്യനാട്ടിൽ ഉയർന്നുവന്നു, എന്തുകൊണ്ടെന്നാൽ മറ്റൊരു ജീവിതമില്ല. അത്രമാത്രം ധൃതി! സ്പീഡ് മാനിയ ആയി, വേഗത ആസക്തിയായി. ഇത്തരത്തിലുള്ള സ്വഭാവഗുണവും ഈ ജീവിതരീതിയും കാണുന്നത് വളരെ വിചിത്രമാണ്. നിങ്ങളെവിടെ പോവുകയാണെന്നതിനെക്കുറിച്ച് ആരും ഗൗനിക്കില്ല, പക്ഷേ വേഗം പോവണം. നിങ്ങൾ വേഗത കൂടിയ വാഹനങ്ങൾ കണ്ടുപിടിച്ചേ മതിയാവൂ.




ഇക്കാര്യം മുഴുവനും സംഭവിച്ചത് സങ്കേതം കാരണത്താലാണ്. ജീസസ്സിന്റെ കാലത്ത് അത് ഫലപ്രദമായിരുന്നു. അവിടുന്ന് നിരന്തരം അവിടുത്തെ ആളുകളോട് പറഞ്ഞിരു

ന്നത് ജാഗ്രതയുള്ളവരാവാനാണ്, ഉണർന്നിരിക്കാനാണ്. വിധിന്യായദിനം വളരെ അടുത്തിരിക്കുന്നു. ലോകാവസാനം നിങ്ങളുടെ ഇതേ ജീവിതത്തിൽത്തന്നെ നിങ്ങൾ കാണാൻ പോവുന്നു,അതെ. മറ്റൊരു ജീവിതമില്ല, ഇത് നിങ്ങൾ നഷ്ടപ്പെടുത്തുകയാണെങ്കിൽ, നിങ്ങൾ എന്നെന്നേക്കുമായി നരകത്തിലേക്ക് വലിച്ചെറിയപ്പെടും.

ഇവിടെ നിങ്ങൾ കേവലം ഒരു മന:ശാസ്ത്രപരമായ അന്തരീക്ഷം സൃഷ്ടിക്കുകയാണ്. ജീസസ്സ് ജീവിച്ചിരുന്ന കാലത്ത് ഇത് നടന്നു, അവിടുന്ന് പോയിക്കഴിഞ്ഞ് ഏതാനും ദിവസങ്ങളിലേക്കും ഇത് പ്രവർത്തിച്ചു. അത് കുറച്ചു ദിവസങ്ങൾകൂടി പ്രവർത്തിച്ചത് ഏറ്റവും അടുത്ത ശിഷ്യർ കാരണമാണ്, അവർ ജീസസ്സിന്റെ കുറച്ചു തേജസ്സ്, കുറച്ച് തേജോവലയം അവർക്കൊപ്പം പേറിയിരുന്നു. പക്ഷേ പിന്നീട് അത് വിപരീതഫലമാണുണ്ടാക്കിയത്. അത്, ലോകം ഇന്നുവരെ അറിഞ്ഞതിൽവച്ച് ഏറ്റവും ലൗകികമായ സംസ്കാരം സൃഷ്ടിച്ചു.

അഭിലഷിച്ചത്, ഒറ്റ ജീവിതം എന്ന ആശയം ആളുകളെ അത്രയ്ക്ക് ജാഗ്രതയുള്ളവരാക്കും, അവബോധമുള്ളവരാക്കും, അവർ ഈശ്വരനെ തേടും, തെരയും, മറ്റെല്ലാ ആശകളും അവർ ത്യജിക്കും, മറ്റെല്ലാ പണിയും അവർ ഉപേക്ഷിക്കും എന്നൊക്കെയാണ്. അവരുടെ മുഴുവൻ ജീവിതവും ഒരു ഏകകേന്ദ്രാന്വേഷണം ആയിത്തീരും, ഈശ്വരാന്വേഷണം ആവും. ഈ സങ്കേതത്തിനു പിന്നിലെ ആശയം അതായിരുന്നു.

എന്നാൽ പരമമായ ഫലം എന്തായിരുന്നുവെന്നാൽ, ആളുകൾ കേവലമായി ലൗകികരായിത്തീർന്നു, എന്തുകൊണ്ടെന്നാൽ മറ്റൊരു ജീവിതമില്ല. അതുകൊണ്ട്, ഒരൊറ്റ ജീവിതമേ ഉള്ളൂ എന്നതുകൊണ്ട്, നിങ്ങളെക്കൊണ്ട് കഴിയും വിധം അത് നുകരുക. നാളത്തേക്ക് അത് മാറ്റിവയ്ക്കാതിരിക്കുക. അത് ആസ്വദിക്കുക. ഇന്ത്യൻ സങ്കേതം പരാജയപ്പെട്ടതിനു കാരണം ആളുകൾ അലസരായിത്തീർന്നതാണ്.



ഇത് ബുദ്ധന്റെ കാര്യത്തിൽ ഫലപ്രദമായി. അവിടുന്ന് വാസ്തവത്തിൽ ലോകത്തിലെ ഏറ്റവും വലിയ പ്രസ്ഥാനങ്ങളിലൊന്ന് സൃഷ്ടിച്ചു. ആയിരക്കണക്കിന് ആളുകൾ അവരുടെ ജീവിതം ഉപേക്ഷിച്ചു, ബ്രഹ്മചാരികളായി മാറി. ഈ സന്യാസിമാർ അവരുടെ മുഴുവൻ ഊർജവും സത്യാ

ന്വേഷണത്തിനായി ഉഴിഞ്ഞുവച്ചു, എന്തുകൊണ്ടെന്നാൽ അവിടുന്ന് സൃഷ്ടിച്ചത് അത്ര വലിയ വിരസതയുടെ അന്തരീക്ഷമായിരുന്നു, നിങ്ങൾക്കത് നഷ്ടമായാൽ നിങ്ങൾക്കത് വിരസതയുണ്ടാക്കത്തക്കവിധം.

ജീസസ്സിന് നന്നായി അറിയുമായിരുന്നു, ജീവിതം നിത്യമാണെന്ന്. പുനർജന്മം ഒരു വസ്തുതയാണെന്ന്. അവിടുന്നത് പരോക്ഷമായ രീതിയിൽ സൂചിപ്പിക്കുന്നുണ്ട്, ഒരു പക്ഷേ അവിടുത്തെ ഏറ്റവുമടുത്ത ശിഷ്യരോടു മാത്രമാണ് അത് പരാമർശിക്കുന്നത്. എന്നാൽ അവിടുന്നിത് ജനക്കൂട്ടത്തോട് പറഞ്ഞില്ല, ലളിതമായ ഒറ്റക്കാരണത്താലാണത്, ഭാരതത്തിൽ അത് പരാജയപ്പെട്ടത് അവിടുന്ന് കണ്ടിരുന്നു. മറ്റെന്തെങ്കിലും ശ്രമിക്കേണ്ടിയിരുന്നു.
അതിനാൽ, ചുരുക്കിപ്പറയട്ടെ, രണ്ട് വീക്ഷണങ്ങളുണ്ട്: പുനർജന്മത്തെപ്പറ്റിയുള്ള ഭാരതീയ വീക്ഷണവും, ഒരൊറ്റ ജീവിതം മാത്രം എന്ന പാശ്ചാത്യ വീക്ഷണവും. പുനർജന്മത്തെപ്പറ്റിയുള്ള ഭാരതീയ വീക്ഷണം അലസതയിലേക്കും കാര്യങ്ങൾ മാറ്റിവയ്ക്കുന്നതിലേക്കും നയിച്ചു, അതേസമയം ഒരു ജന്മം മാത്രമേയുള്ളൂ എന്ന പാശ്ചാത്യ വീക്ഷണം, ഈ ജീവിതത്തെപ്പറ്റിയുള്ള ആ പരിപ്രേക്ഷ്യം, അവരെ ധൃതിക്കാരാക്കി, വളരെ സമയ അവബോധമുള്ളവരാക്കി, നെഗറ്റീവായി അവരെ ഉല്ലാസത്തിലേക്കും ഇന്ദ്രിയഭോഗങ്ങളിലേക്കും നയിച്ചു, എന്തുകൊണ്ടെന്നാൽ അടുത്ത ജന്മമില്ലല്ലോ.

നേരേ മറിച്ച്, അത് ഗൗരവപൂർണമായ വിചിന്തനത്തിലേക്ക്, ധ്യാനത്തിലേക്ക്, ആത്മസാക്ഷാത്കാരത്തിലേക്കുള്ള മാർഗമായേനേം, കാരണം ഈ ഒരൊറ്റ ജീവിതമേ ഉള്ളൂ. അതിനു പകരം, ഇത് ഒരു ജീവിതം മാത്രമേ ഉള്ളൂ എന്നതിനാൽ, 'ഞാനിത് പൂർണമായും ആസ്വദിക്കട്ടെ' എന്ന നിലപാടിലേക്കും നയിക്കാം, അത് മറ്റേ അറ്റമാണ്.
ഈ ലഘുപ്രഭാഷണത്തിൽ പുനർജന്മത്തെപ്പറ്റിയുള്ള ഭാരതീയ വീക്ഷണവും, ഒരു ജീവിതം മാത്രം എന്ന പാശ്ചാത്യ ആശയവും നിങ്ങളുടെ ശ്രദ്ധയിലേക്ക് കൊണ്ടുവരാനാണ് ഞാൻ ആഗ്രഹിച്ചത്.
നിങ്ങൾക്ക് നന്ദി.



(തുടരും)

**പ്രൊഫ. അനിൽകുമാർ കാമരാജു**
(പരിഭാഷ: എം.എൻ. വിനോദ്കുമാർ)